പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5596

02.07.2019 ലെ മറുപടിയ്ക്ക്.

## കേന്ദ്രസർക്കാരിന്റെ കമ്മിറ്റഡ് ലയബിലിറ്റി മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | കേന്ദ്രസർക്കാരിന്റെ കമ്മിറ്റഡ് ലയബിലിറ്റി നിശ്ചയിക്കുന്നതിന് പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളതിനാൽ പുതിയ പദ്ധതികൾക്കും നിലവിലുള്ള പദ്ധതികൾക്കും ഫണ്ട് ലഭിക്കുന്നില്ലെന്ന കാര്യം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ ; | (എ) | കേന്ദ്രാവിഷ്കൃത (100% CSS) പദ്ധതിയിൽ മുൻവർഷങ്ങളിലെ ഏറ്റവും ഉയർന്ന ചെലവാണ് കമ്മിറ്റഡ് ലയബിലിറ്റിയായി നിശ്ചയിക്കുന്നത്. കമ്മിറ്റഡ് ലയബിലിറ്റിയിൽ അധികമായി വരുന്ന തുക മാത്രമേ കേന്ദ്രസർക്കാർ അനുവദിക്കുന്നുള്ളൂ. ഇത് കേന്ദ്ര വിഹിതത്തിൽ വലിയ കുറവ് വരുത്തുന്നുണ്ട് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനാണ് ഏറ്റവും കുറഞ്ഞ വിഹിതം ലഭിക്കുന്നത്. അതിനാൽ സംസ്ഥാന സർക്കാർ പദ്ധതിക്കാവശ്യമായ മൊത്തം തുകയും ചെലവഴിക്കേണ്ടി വരുന്നുണ്ട്. പദ്ധതിയ്ക്ക് തടസ്സമില്ലാത്ത രീതിയിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നുണ്ട്. |
| (ബി) | നിലവിൽ ഏതെല്ലാം പദ്ധതികൾക്ക് ഇത്തരത്തിൽ ഫണ്ട് ലഭിക്കുന്നില്ലെന്ന കാര്യം അറിയിക്കുമോ; | (ബി) | കമ്മിറ്റഡ് ലയബിലിറ്റി നിശ്ചയിച്ച നിലവിലുള്ള പദ്ധതികളിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്, വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് എന്നീ പദ്ധതികളിൽ 2019-20 - ൽ ഫണ്ട് ലഭിച്ചിട്ടില്ല.<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ- ക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 2018-19 -ൽ 150 കോടി ആവശ്യപ്പെട്ട സ്ഥാനത്ത് 2019-20 വർഷം 1.2 കോടി രൂപ മാത്രമാണ് കേന്ദ്ര ധനസഹായമായി അനുവദിച്ചത്.<br>പട്ടികവർഗ്ഗ വികസന വകുപ്പിൽ നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതികൾക്ക് തുക അനുവദിച്ചു വരുന്നു. |
| (സി) | പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചതുമൂലം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് ഉണ്ടായ നഷ്ടം നിശ്ചയിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | (സി) | തിട്ടപ്പെടുത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ